"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

## സംഗ്രഹം

പൊതുമരാമത്ത് വകുപ്പ് - കൊല്ലം ദേശീയപാതയിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ (OFC) സ്ഥാപിക്കുന്നതിനായി 'റൈറ്റ് ഓഫ് വേ' (ROW) വ്യവസ്ഥയിൽ റിലയൻസ് ജിയോയിൽ നിന്നും ഈടാക്കിയ പുനഃസ്ഥാപന നിരക്കുകൾ, യൂട്ടിലിറ്റി ഫീസ്, സർചാർജുകൾ എന്നിവ തിരികെ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.466/2026/PWD തീയതി,തിരുവനന്തപുരം, 17-03-2026

പരാമർശം:- 1. 11.10.2013 തീയതിയിലെ GO.(MS)No. 30/13/ITD നം. ഉത്തരവ്

2. 25.07.2025 തീയതിയിലെ ചീഫ് എഞ്ചിനീയറുടെ D6-2528/15 നം. കത്ത്.

## ഉത്തരവ്

മേൽ പരാമർശം (1) ഉത്തരവുപ്രകാരം കൊല്ലം ജില്ലയിൽ OFC സ്ഥാപിക്കുന്നതിനായി M/s റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന് അനുവദിച്ച RoW അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിരെ വ്യവസ്ഥകൾ പ്രകാരം കമ്പനി അഡ്വാൻസ് റസ്റ്റൊറേഷൻ ചാർജ്ജസ് ആയി ₹1,90,86,956/-യും വാടക/യൂസർ ഫീ ആയി ₹1,51,35,000/-യും അടച്ചിട്ടുണ്ട്. RoW വ്യവസ്ഥകൾ പ്രകാരം സ്ഥിരം റോഡ് പുനരുദ്ധാരണത്തിന്റെ ബാധ്യത സാധാരണയായി വകുപ്പിനാണ്. എന്നാൽ ഈ കേസിൽ കമ്പനി തന്നെ സ്ഥിരം റെസ്റ്റോറേഷൻ പ്രവർത്തനങ്ങൾ നിർവഹിച്ചിട്ടുണ്ടെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ വർക്ക് കംപ്ലീഷൻ സർട്ടിഫിക്കേറ്റ് നൽകിയിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് എൻജിനിയർ തുക റീഫണ്ട് ചെയ്യാവുന്നതാണെന്നും ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മേൽ പരാമർശ ഉത്തരവിലെ വ്യവസ്ഥകളും കരാർ വ്യവസ്ഥകളും പരിശോധിച്ച് ടി തുക കരാറുകാരന് റീഫണ്ട് ചെയ്യേണ്ടത് തന്നെയാണ് എന്ന് ചീഫ് എൻജിനിയർ ഉറപ്പാക്കേണ്ടതാണെന്നും M/s റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, റെസ്റ്റൊറേഷൻ പ്രവർത്തനങ്ങൾ പൂർണമായും അവരുടെ ചെലവിൽ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുണ്ടെന്നും അതിനായി സർക്കാർ തുക

ചെലവഴിക്കേണ്ടി വന്നിട്ടില്ലെന്നും ചീഫ് എൻജിനിയർ ഉറപ്പാക്കേണ്ടതാണെന്നും ഉള്ള വ്യവസ്ഥകൾക്ക് വിധേയമായി H/A 1054-00-800-99 ൽ നിക്ഷേപിച്ച ₹1,90,86,956/- (ഒരു കോടി തൊണ്ണൂറ് ലക്ഷത്തി എൺപത്താറായിരത്തി തൊള്ളായിരത്തി അൻപത്തി ആറ് രൂപ മാത്രം) M/s റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്-ന് റീഫണ്ട് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിത എം
ജോയിന്റ് സെക്രട്ടറി

ചീഫ് എൻജിനിയർ (റോഡ്സ്), പൊതുമരാമത്ത് വകുപ്പ്,
മാനേജിംഗ് ഡയറക്ടർ, M/s റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്.

അക്കൗണ്ടന്റ് ജനറൽ (A&E / ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് എൻജിനിയർ, പി.ഡബ്ല്യു.ഡി റോഡ്സ് ഡിവിഷൻ, കൊല്ലം.

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്(Web & New Media).

സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്. H1/364/2021-PWD

ഉത്തരവിൻ പ്രകാരം
Signed by
Deepu B K
Date: 19-03-2026 09:50:49

സെക്ഷൻ ഓഫീസർ